കേപ്പ് സ്ഥാപനങ്ങളിലെ ഫീസ് ഘടന

91 (7927) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന് കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടന വിശദമാക്കുമോ ;

(ബി) 2012-13, 2013-14 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് അഡ്മിഷൻ നൽകിയത് എന്നറിയിക്കുമോ ;

(സി) 2012-13, 2013-14 വർഷത്തിൽ പഠനം പൂർത്തിയായവർ എത്രയാണ് ; ഇവരുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേപ്പിന് കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടന അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി)

കോഴ്സ്	അഡ്മിഷൻ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം	
	2012-13	2013-14
ബി.ടെക്	2204	1938
എം.സി.എ.	29	41
എം.ബി.എ.	37	36

(സി) 2012-13 വർഷത്തിൽ 1757 ബി.ടെക് വിദ്യാർത്ഥികളും 42 എം.ബി.എ. വിദ്യാർത്ഥികളും 2013-14-ൽ 1936 ബി.ടെക് വിദ്യാർത്ഥികളും 51 എം.ബി.എ. വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കിയിട്ടുണ്ട്. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly